**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **08-10-2021 - ൽ മറുപടിയ്ക്ക്**

**മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്ഷീര ഡയറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ, എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇവിടെ നിന്നും വിപണനം നടത്തുന്നത്; | (എ) | ക്ഷീര ഡയറി പ്രവർത്തിക്കുന്നില്ല. പക്ഷേ കർഷകരിൽ നിന്നും ശേഖരിക്കുന്ന പാൽ മിൽമ മേഖല യൂണിയന് നൽകി വരുന്നുണ്ട്. കൂടാതെ മിൽമയുടെ ഉൽപ്പന്നങ്ങൾ ക്ഷീര സംഘം വിപണനം ചെയ്യുന്നുണ്ട്. |
| (ബി) | ക്ഷീരവികസനവകുപ്പിന്റെ ഗ്രാന്റ്, മറ്റ ധനസഹായങ്ങൾ എന്നിവയിലൂടെ നാളിതുവരെ എത്ര രൂപ സംഘത്തിനു ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | (I) RKVY പദ്ധതി പ്രകാരം പ്ലാന്റ് നവീകരണത്തിന് -76.5 ലക്ഷം രൂപ (ii) ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ- 5,25,000/- രൂപ (iii)ലാബ് നിർമ്മാണം-70,000/- രൂപ (iv)ഗോഡൗൺ നിർമ്മാണം-3,00,000/ രൂപ |
| (സി) | സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിനു പുറമേ ഏതൊക്കെ ധനകാര്യസ്ഥാപനങ്ങൾ, ഏജൻസികൾ, ബാങ്കുകൾ എന്നിവയിൽ നിന്നും ക്ഷീര ഡയറിക്ക് വേണ്ടി പ്രസ്തുത സംഘം വായ്പയായും അല്ലാതെയും പണം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപ വായ്പയായി എടുത്തിട്ടുണ്ട്; ഈ ഇനത്തിൽ എത്ര രൂപ കുടിശ്ശിക നിലവിലുണ്ടെന്ന് അറിയിക്കുമോ; | (സി) | വായ്പ (1) കേരളാ ബാങ്കിൽ നിന്നും - 1 കോടി 75 ലക്ഷം രൂപ. (2) കണ്ടല സർവ്വീസ് സഹകരണ ബാങ്ക് - 2 കോടി രൂപ (3) സ്ഥിര നിക്ഷേപമായി സ്വീകരിച്ചത്- 65 ലക്ഷം രൂപ. കുടിശ്ശിക (1) കേരളാ ബാങ്ക്- 1 കോടി 75 ലക്ഷം രൂപയും പലിശയും (2) കണ്ടല സർവ്വീസ് സഹകരണ ബാങ്ക്- 2 കോടി രൂപ (3) സ്ഥിരം നിക്ഷേപം തിരികെ നൽകാനുള്ളത്-65 ലക്ഷം രൂപ |
| (ഡി) | പ്രസ്തുത സംഘം ഇപ്രകാരം വായ്പയായി പണം സമാഹരിക്കുന്നതിന് ഡയറി രജിസ്ട്രാറിൽ നിന്നും നിയമാനുസൃതം അനുമതി വാങ്ങിയിട്ടുണ്ടോ; | (ഡി) | RKVY പദ്ധതിയുടെ ഭാഗമായാണ് വായ്പ ലഭ്യമാക്കിയത്. പദ്ധതിക്ക് നിയമാനുസൃതം ഡയറി രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | മേല്പറഞ്ഞ രീതിയിൽ ക്രമവിരുദ്ധമായ സാമ്പത്തിക നടപടികളിലൂടെ അംഗങ്ങളായ ക്ഷീര കർഷകർക്ക് കോടിക്കണക്കിനു രൂപയുടെ ബാധ്യത വരുത്തിവെച്ച ഭരണ സമിതിയുടേയും ജീവനക്കാരുടെയും പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | ക്ഷീരവികസന വകുപ്പ് KCS Act 65-ാം വകുപ്പ് അന്വേഷണം നടത്തുകയും പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഇല്ലായെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ